ക്രമപ്രശ്നം

1. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 01-06-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച മൂന്ന് റിപ്പോർട്ടുകളെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 01-06-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളിൽ ക്രമ നമ്പർ 1 ആയി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ക്രമ നമ്പർ 2 ആയി അക്കാദമി ഓഫ് പ്രിസൻസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെയും ക്രമ നമ്പർ 3 ആയി കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും റിപ്പോർട്ടുകൾ വച്ചിട്ടുണ്ട്. ഇതൊക്കെ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലുള്ളതാണ്. നമ്മുടെ ചട്ടങ്ങളിൽ വളരെ കൃത്യമായി പറയുന്നുണ്ട്. 166B, "The Annual Report/Audit Report of Companies/Autonomous bodies/Board/Corporation etc. shall be laid on the Table of the House within the time specified in the appropriate Acts or Rules". അതിൽ 166B-യിൽ clause 3-യിൽ പറയുന്നത്, "The Annual Report/Audit Report of all Companies/Autonomous bodies/Board/Corporation etc. unless otherwise specified in any Act or Rules in this regard, shall be laid on the Table of the House within nine

months after the completion of the financial year" എന്നാണ്. ഒരു സാമ്പത്തിക വർഷം കഴിഞ്ഞ് ഒൻപത് മാസത്തിനുള്ളിൽ, "In case, any department fails to lay the Annual Report/Audit Report within the specified time, the reason thereof shall be laid along with the Annual Report/Audit Report on the Table of the House by the Minister concerned not later than thirty days after the expiry of the time so specified or at the commencement of next session of the Assembly whichever comes later." 166(B)(4)-ൽ ഒരു കാര്യം കൂടി പറയുന്നുണ്ട്. "The Autonomous bodies which are bound to lay annual report alone shall lay on the same on the Table of the House within six months after the expiry of the financial year". ഇതാണ് നമ്മുടെ നടപടി ചട്ടങ്ങളിലെ നിബന്ധനകൾ എന്നിരിക്കെ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇപ്പോൾ വച്ചിട്ടുള്ളത്. വർഷങ്ങൾ കഴിഞ്ഞിട്ടാണ് ഈ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത്. ഇതിന് മുമ്പും ഞാൻ നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ട്. അന്ന് ഇതുപോലെ ഇത്തരം കാര്യങ്ങൾ അംഗങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ അതിൽ ബഹുമാനപ്പെട്ട സ്പീക്കർമാരുടെ റൂളിംഗുകൾ ഉണ്ടായിട്ടുള്ളതായി കഴിഞ്ഞ രണ്ട് സഭകളിലും എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ആ റൂളിംഗുകളൊന്നും

പാലിക്കപ്പെടുന്നില്ല. ഇത് ആരുടെയെങ്കിലും കുറ്റമായി ചൂണ്ടിക്കാണിച്ചതല്ല. പക്ഷേ ഈയൊരു രീതി, ഈയൊരു പ്രവണത ശരിയല്ല. ഇവിടെ അവതരിപ്പിക്കപ്പെട്ട മൂന്ന് റിപ്പോർട്ടുകളും കാലഹരണപ്പെട്ടതാണ്. ഇത് കിട്ടിയിട്ട് ഇനി എന്ത് ചെയ്യാനാണ്. ഇത് പരിശോധിച്ച് ഇതിൽ വന്ന പരാമർശങ്ങൾ നോക്കിയിട്ട് നമ്മുടെ നാട്ടിൽ മാറ്റങ്ങൾ വരുത്താനാണ് ഈ റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നത്. അത് ഈയൊരു നിയമനിർമ്മാണ പ്രക്രിയയുടെ ഭാഗം കൂടിയാണ്. 2014-15 കാലത്തെ റിപ്പോർട്ട് ഈ 2021-ൽ വായിച്ചിട്ട് എന്താണ് കാര്യം. 2015-16-ഉം 2016-17-ഉം അതുതന്നെയാണ് സ്ഥിതി. അതുകൊണ്ട് സമയോചിതമായി, സമയത്തിനനുസരിച്ച് ഇത്തരം റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കാനും അനന്തര നടപടി ഉണ്ടാക്കാനുമുള്ള കർശന റൂളിംഗ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ ഉൾപ്പെടെയുണ്ടാകുന്ന സാങ്കേതിക കാരണങ്ങളാണ് വാർഷിക റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ

ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വാർഷിക റിപ്പോർട്ട് കാലതാമസം കൂടാതെ നിയമസഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.